# അക്കാദമിക മാസ്റ്റർപ്ലാൻ

## മലയാളം

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • Pretest നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>* ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും അടയാളങ്ങളും ഉറപ്പിക്കുന്നു.<br>* അക്ഷരകാർഡുകളിലൂടെ വാക്കുകൾ രൂപീകരിക്കൽ. വാക്കുകളിലൂടെ വാക്യങ്ങൾ.<br>* ചിത്രം നൽകി അടിക്കുറിപ്പ് പറയിപ്പിക്കൽ. അധ്യാപികയുടെ സഹായത്തോടെ എഴുതൽ.<br>* ഒരു കഥയുടെ കുറച്ചുഭാഗം നൽകി ബാക്കി പറയിക്കുന്നു എഴുതിക്കുന്നു. | ഒരാഴ്ച | മലയാളം അധ്യാപിക | മലയാളം അധ്യാപിക | SSA fund. |
| 2. | അക്ഷരം ഉറപ്പിക്കൽ | * ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനും എഴുതാനും അവസരം നൽകുന്നു. | ഒരു മാസം | ക്ലാസ് ടീച്ചർ മലയാളം അധ്യാപിക | ഹെഡ് മാസ്റ്റർ ക്ലാസ് ടീച്ചർ | |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക |
|---|---|---|---|---|---|---|
| 3. | ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ | ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തനങ്ങൾ. IED അധ്യാപകരുടെ സേവനം, പ്രത്യേക ക്ലാസ്. | തുടർ-പ്രവർത്തനം | IED Teacher<br>മലയാളം-അധ്യാപിക | BRC<br>ഹെഡ്മാസ്റ്റർ | |
| 4. | വായനാ പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കൽ. | * ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കുന്നു. വായിക്കാവുന്ന പുസ്തകങ്ങളുടെ എണ്ണം, പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ്-ചർച്ച.<br>* വായനാ അനുഭവം പങ്കുവെയ്ക്കുന്നു. വായനാക്കുറിപ്പ് തയ്യാറാക്കുന്നു.<br>* വായനാവാരത്തോടനുബന്ധിച്ച് പുസ്തകപ്രദർശനം, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.<br>* കുട്ടികൾക്ക് പുസ്തകങ്ങൾ കാണാനും പരിചയപ്പെടാനും, വായിക്കാനും ഉള്ള അവസരം നൽകുന്നു.<br>* വായനാവാരത്തിൽ വായനോത്സവം നടത്തുന്നു. ഏറ്റവും കൂടുതൽ വായിച്ച കുട്ടികളെ അസംബ്ലിയിൽ അനുമോദിക്കുന്നു. | ജൂൺ-ജൂലൈ | മലയാളം-അധ്യാപിക<br>സബ്ജക്ട് കൗൺസിൽ<br>മലയാളം ക്ലബ് | ഹെഡ്മാസ്റ്റർ<br>SRG-കൺവീനർ<br>മലയാളം-അധ്യാപിക | സ്പോൺസർഷിപ്പ്. |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പ |
|---|---|---|---|---|---|---|
| 5 | വായന ഫലപ്രദമാക്കൽ | * വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്താ തയ്യാറാക്കൽ, വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | തുടർപ്രവർത്തനം | വിദ്യാരംഗം കലാസാഹിത്യവേദി | മലയാളം അധ്യാപിക | സ്പോ സർഷി |
| 6. | ലൈബ്രറി ശാക്തീകരണം | * സ്കൂൾ ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുന്നു.<br>* നിലവിൽ ലഭ്യമായ പുസ്തകങ്ങൾ ഇനം തിരിച്ച് തരംതിരിക്കുന്നു. | മെയ്-ജൂൺ മാസങ്ങളിൽ | ലൈബ്രറി ചുമതലയുള്ള അധ്യാപകർ, സബ്ജക്ട് കൗൺസിൽ കൺവീനർമാർ [illegible] കുട്ടികൾ | ഹെഡ്മാസ്റ്റർ SRG-കൺവീനർ PTA | സ്കൂൾ മാനേജ്മെന്റ് |
| 7. | പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുക. | * ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പുസ്തക വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു. | | | | |
| 8. | ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കൽ | ഈ സംവിധാനം ഒരുക്കുന്നതിന് ഓരോ ക്ലാസിലും സൗകര്യമൊരുക്കുന്നു.<br>* പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് എന്ന പരിപാടി<br>* അധ്യാപകരും, വിദ്യാർത്ഥികളും അവരവരുടെ പിറന്നാളിനൊരു പുസ്തകം | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ് ലീഡർ | ഹെഡ്മാസ്റ്റർ മലയാളം അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തികം. |
|---|---|---|---|---|---|
| | ലൈബ്രറിക്ക് സംഭാവന ചെയ്യുന്നു.<br>* രക്ഷിതാക്കളുടെ വായനാ പരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കൽ - അമ്മ വായന | | | | |
| 9 എഴുത്ത് പരിപോഷിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ | * ക്ലാസ് എഴുത്തുകൂട്ടം രൂപീകരിക്കുന്നു.<br>* വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു<br>* മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ.<br>* വിവിധ സാഹിത്യ മേഖലകളിലെ വ്യക്തികളെ പരിചയപ്പെടൽ. ജീവചരിത്രം തയ്യാറാക്കൽ | തുടർ പ്രവർത്തനം | മലയാളം അധ്യാപിക | മലയാളം അധ്യാപിക വിദ്യാരംഗം കൺവീനർ | |
| 10. ആശയങ്ങളും അനുഭവങ്ങളും വിവിധ മാധ്യമങ്ങളിൽ ആവിഷ്കരിക്കൽ | പാഠഭാഗങ്ങൾ വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുന്നു. | തുടർ പ്രവർത്തനം | മലയാളം അധ്യാപിക | മലയാളം അധ്യാപിക | |

| നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| 11. | സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ | * കഥയരങ്ങ്/കവിതയരങ്ങ്, രചനാശില്പശാല സംഘടിപ്പിക്കൽ<br>* രൂപപ്പെട്ട ഉത്പന്നങ്ങൾ പതിപ്പാക്കൽ<br>* ഈ ഉത്പന്നങ്ങൾ ക്ലാസ് മുറിയിലെ പഠന സാമഗ്രിയായി ഉപയോഗിക്കൽ<br>* പഠന പ്രവർത്തനങ്ങളുടെ ഭാഗമായി, വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും, ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ, പതിപ്പാക്കൽ - പ്രകാശനം.<br>* കൈയെഴുത്തു മാസിക ക്ലാസടിസ്ഥാനത്തിൽ തയ്യാറാക്കുന്നു. | തുടർപ്രവർത്തനം<br><br>അടുത്ത മാസത്തിൽ ഒരു പ്രാവശ്യം<br><br>വർഷത്തിൽ ഒന്ന് | മലയാളം അധ്യാപിക<br><br>മലയാളം അധ്യാപകർ വിദ്യാരംഗം കലാസാഹിത്യ വേദി<br><br>ലൈബ്രറി ആൻ്റ് Board | മലയാളം അധ്യാപിക<br><br>മലയാളം അധ്യാപിക ക്ലാസ് ടീച്ചർ SRG കൺവീനർ | സ്പോൺസർഷിപ്പ് |
| 12. | സമകാലിക വായനയിൽ നിന്നും ലഭിക്കുന്ന ആശയങ്ങൾ സ്വന്തം കാഴ്ചപ്പാടിൽ അവതരിപ്പിക്കാൻ പ്രാപ്തരാക്കുക. | * ഭാഷയെ കൂടുതൽ മനസ്സിലാക്കാം, ആഴത്തിലുള്ള വായനക്കായി ഭാഷയിലെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ട്)<br>* പൊതുവേദിയിലെ പ്രകടനങ്ങൾ അസംബ്ലി, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു.<br>* സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനുള്ള അവസരം | ആവശ്യാനുസരണം<br><br>തുടർപ്രവർത്തനം | മലയാളം അധ്യാപിക<br><br>ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ | മലയാളം അധ്യാപിക SRG | |

| ക്ര. നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തികം |
|---|---|---|---|---|---|---|
| 13. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് എഴുത്തിന്റെയും വായനയുടെയും സാധ്യതകളറിയാൻ | ജൂൺ മുതൽ മാർച്ച് മാസം വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങൾ എസ്. ആർ. ജിയിൽ രൂപപ്പെടുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ.ജി | ഹെഡ്മാസ്റ്റർ | |
| 14. | പ്രത്യേക അനുഭവങ്ങളിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കുന്നതിന് | ഭാഷാ പഠനവുമായി ബന്ധപ്പെട്ട സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കുള്ള പഠന യാത്ര | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി കലാസാഹിത്യ വേദി | | സ്പോൺസർഷിപ്പ് |
| 15. | ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ ഇ-വായന സാധ്യതകളറിയാൻ | * വിക്കിപീഡിയ പരിചയപ്പെടുത്തൽ<br>* നെറ്റിൽ നിന്നും വിവരശേഖരണത്തിനുള്ള നൈപുണി.<br>* വായനാക്കുറിപ്പിന്റെയും എഴുത്തുകുറിപ്പിന്റെയും സമാഹാരത്തിന് ബ്ലോഗ് രൂപീകരിക്കുന്നു.<br>* സർഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കാൻ | പ്രതിമാസ പരിപാടി | വിദ്യാരംഗം കലാസാഹിത്യവേദി<br>ഐ.ടി.സി<br>മലയാളം അധ്യാപിക | ഹെഡ്മാസ്റ്റർ<br>എസ്.ആർ.ജി കൺവീനർ | |

Academic Master Plan

Subject : English

| Sl.No | Goal | Activity | Time | In-charge | Financial Analysis | Evaluation |
|---|---|---|---|---|---|---|
| 1. | To enhance the student's reading, writing and speaking skills. | Students from each class present the assembly in English | Monthly | Class Teacher | | SRG |
| 2. | To build the vocabulary of students. | • Word Wall - A classroom display board where new English words (with meanings & examples) are added. | Weekly | English Teacher | | Class Teacher |
| 3. | To improve English fluency and general awareness. | • News reading - students read short news headlines or stories aloud. | Weekly | Class Teacher | | English Teacher |
| 4. | To improve reading & imagination. | • Library Hour - A quiet period spent in the library where students read books and share a short summary or review later. | Weekly | Library In-charge | | English Teacher |

| | Goal | Activity | Time | In-charge | Financial Analysis | Evaluation |
|---|---|---|---|---|---|---|
| 5 | To learn English Grammar interactively | Fun games related to English grammar. | Once in a term | English Teacher | | Teachers |
| 6 | To enable the students to speak english fluently and confidently. | Each student brings an object and speaks a few sentences about it or about a given topic (like "My favourite Book"). | Once in a term | English Teacher | | Teachers |
| 7 | To improve spelling accuracy and vocabulary of students. | · Spell Bee- A spelling competition where students spell words aloud or write them down. | Monthly | English Club | | English Teacher |
| 8 | To improve language precision and creativity. | · Caption Writing- Students create short, catchy, captions for pictures<br>· Picture Discription- Students describe about a picture given. | Monthly | English Club | | Teachers |

| | Goal | Activity | Time | In-charge | Financial Analysis | Evaluation |
|---|---|---|---|---|---|---|
| 9. | To enhance communication and expression. | Students act out real-life or story based situations in English. | Once in a term | English club | | Teachers |
| 10. | To recite poems aloud with proper voice modulation, pronunciation and emotion. | Poem Recital | Once in a term | English club | | Teachers |
| 11. | To enhance creativity by creating posters on English themes (like 'Read More') using both visuals and short English text. | Poster Making | Once in a term. | English club | | Teachers |
| 12. | Celebration | English Fest - celebration with English activities like skits, quiz, elocution, etc to showcase language skills. | Yearly | English Teacher | | H M |

# ACADEMIC MASTER PLAN

# HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
| --- | --- | --- | --- | --- | --- |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | പ്രീ ടെസ്റ്റ് നടത്തി പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുന്നു. | 2 ആഴ്ച | ഹിന്ദി അധ്യാപിക | അധ്യാപിക | |
| | അക്ഷര കാർഡുകൾ നൽകുന്നു<br>അക്ഷര കാർഡുകൾ ഉപയോഗിച്ച് അർത്ഥപൂർണ്ണമായ വാക്കുകൾ ഉണ്ടാക്കുന്നു.<br>വാക്കുകൾ ഉപയോഗിച്ച് ശബ്ദ സീഡിയാ നിർമ്മിക്കുന്നു. | 2 മാസം | ,, | | |
| 2. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തൽ | ഭിന്നശേഷിക്കാർക്കായി IED അധ്യാപകരുടെ സേവനം, പ്രത്യേക ക്ലാസ്സുകൾ ICT യുടെ സാധ്യത തേടുന്നു.<br>രക്ഷാകർത്താക്കൾക്ക് ബോധവത്കരണ നൽകൽ കാർട്ടൂൺ, സിനിമ എന്നിവ | 1 വർഷം | അധ്യാപിക H·M | H·M/SSA | SSA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ഭാഷാപരമായ താല്പര്യം വർദ്ധിപ്പിക്കുക. | നിത്യോപയോഗത്തിലുള്ള വസ്തുക്കൾ, പൂക്കൾ, പഴങ്ങൾ നിറങ്ങൾ, പക്ഷികൾ, മൃഗങ്ങൾ ഇവയുടെ ചിത്രങ്ങളും പേരുകളും ഉൾക്കൊള്ളിച്ചു കൊണ്ട് ആൽബം നിർമ്മിക്കൽ. | 3 മാസം | അധ്യാപിക | അധ്യാപിക | — |
| 4. ഉപചാര വാക്കുകൾ ഹിന്ദിയിൽ പരിശീലിക്കുക. | സ്കൂൾ കാമ്പസിലും, ക്ലാസ്സുകളിലും ഉപചാര വാക്കുകൾ ഹിന്ദിയിൽ ഉപയോഗിക്കുന്നു. | 6 മാസം | ,, | ,, | |
| 5. ഭാഷയിൽ താല്പര്യം ജനിപ്പിക്കുക. | രാഷ്ട്രനേതാക്കൾ, ഹിന്ദി സാഹിത്യകാരൻമാർ എന്നിവരുടെ ചിത്രങ്ങൾ പേരുകൾ ചേർത്ത് വായനയ്ക്കായി ഒരുക്കുന്നു. ദിവസങ്ങൾ, മാസം തുടങ്ങിയവയുടെ പേരുകൾ, മാസത്തിന്റെ പേര് ചേർത്ത് തീയതി എഴുതുകയും പറയുകയും ചെയ്യുന്നു. | 1 വർഷം | ,, | H.M | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| | ഹിന്ദിയിൽ അക്കങ്ങൾ എണ്ണൽ (1—100) | | | | |
| 6. അർത്ഥവത്തായ വാക്യങ്ങൾ പറയുക എഴുതുക. | ചിത്രവായന, തലക്കെട്ട്, അടിക്കുറിപ്പ് എന്നിവ എഴുതിക്കൽ കടം കഥകൾ ശേഖരിക്കുക | 1 വർഷം | അധ്യാപിക | അധ്യാപിക | |
| 7. വ്യത്യസ്തങ്ങളായ ഭാഷാ രൂപങ്ങൾ പരിചയപ്പെടൽ. | കഥകൾ, ബാലകവിതകൾ എന്നിവ കേൾക്കുന്നു. (ICT ഉപയോഗം) ആലപിക്കുന്നു. കവിതാ പൂരണം, കഥാ പൂർത്തീകരിക്കൽ തുടങ്ങിയവ ക്ലാസ്സുകളിലും നടത്തുന്നു. | 1 yr. | അധ്യാപിക ഹിന്ദിക്ലബ് | ഹിന്ദി ക്ലബ്. | |
| 8. ഭാഷയിലെ വ്യത്യസ്തങ്ങളായ വ്യവഹാര രൂപങ്ങൾ കൈകാര്യം ചെയ്യുക. | പാഠ പുസ്തകത്തിലെ കഥ, കവിത, ഓർമ്മക്കുറിപ്പുകൾ തുടങ്ങിയ വറ്റ് വ്യവഹാര രൂപത്തിലേക്ക് മാറ്റി എഴുതുന്നു. അവതരിപ്പിക്കുന്നു | | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|---|---|
| 9 | രചനയെ പരിപോഷിപ്പിക്കുക. | ഹിന്ദിയിൽ അവധിക്കത്ത് തയ്യാറാക്കൽ<br>പരസ്യവാചകങ്ങൾ, മുദ്രാവാക്യങ്ങൾ, തുടങ്ങിയവ എഴുതുക, പറയുക.<br>സ്കൂൾ തല അനൗൺസ്മെന്റുകൾ, നോട്ടീസ് തുടങ്ങിയവ നിർമിക്കൽ.<br>ഹിന്ദി അസംബ്ലി, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമിക്കുക. | 1 yr. | അധ്യാപിക | SRG | |
| | | കടം കഥകൾ, വാക്യ പിരമിഡുകൾ, ശൈലികൾ എന്നിവ ശേഖരിക്കുന്നു.<br>കവിതാ രചന, കഥാ രചന ചിത്ര രചന തുടങ്ങിയവ നടത്തുന്നു. ഇവ ഉൾപ്പെടുത്തി കൈയെഴുത്തു് മാസിക തയ്യാറാക്കുന്നു. | 1 വർഷം | അധ്യാപിക | H.M | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|---|---|
| 10. | സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുക | സ്കൂൾ യുവജനോത്സവം, ഹിന്ദി ക്ലബ് മുതലായവയിലൂടെ കവിതാ പാരായണം, പ്രസംഗം, സാഹിത്യകാരന്മാരുടെ ലഘു ജീവചരിത്രം, വാർത്താവായന എന്നിവ അവതരിപ്പിക്കുന്നു. | 1 yr. | അധ്യാപിക ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ് | |
| 11. | എല്ലാ കുട്ടികൾക്കും ഹിന്ദി വായിക്കാനും, എഴുതാനും സംസാരിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ. | ഹിന്ദിയിൽ വാർത്ത ശേഖരിക്കൽ (ദൂരദർശൻ, റേഡിയോ) ഇ-വായന, ഹിന്ദി അസംബ്ലി തുടങ്ങിയവ നടത്തുന്നു. | ,, | ,, | ,, | |
| 12. | വായനയെ പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഉപയോഗിക്കൽ | ക്ലാസ്സുകളിൽ വായനാമൂല ഹിന്ദി ചിത്രകഥാ പുസ്തകങ്ങൾ ശേഖരിക്കുന്നു. ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിക്ക് നൽകൽ. | ,, | ഹിന്ദി അധ്യാപിക ക്ലാസ്സ് അധ്യാപിക | ഹിന്ദി അധ്യാപിക. | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|---|
| 13. | അക്ഷര വടിവോടെ എഴുതാൻ പരിശീലിപ്പിക്കുക. | കോപ്പി ബുക്കിന്റെ ഉപയോഗം | 1 yr | ഹിന്ദി അധ്യാപിക | ഹിന്ദി അധ്യാപിക. | SSA |
| 14. | സാമൂഹിക പ്രശ്നങ്ങളെ അറിയുന്ന ബോധവത്കരണം. | പാഠഭാഗവുമായി ബന്ധപ്പെട്ട് സ്ത്രീസുരക്ഷ, സമത്വം, ചൂഷണം എന്നീ വിഷയങ്ങളിൽ ചർച്ചകൾ, സെമിനാറുകൾ. | " | " | HM | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

(2025-2026)

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | വിലയിരുത്തൽ/ ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പ്രവർത്തനം-1<br>ഗണിതം മധുരതരമാക്കൽ, ആസ്വാദ്യകരമാക്കൽ<br>(മേഖല/ ഉപമേഖല) | അക്കാദമികം/ഗണിതം<br>→Building as a learning aid (BALA)<br>→ഗണിതപാട്ട്<br>→ഗണിത കേളി<br>→ഗണിത നാടകം<br>→പ്രശ്നോത്തരികൾ<br>→നാട്ടറിവ്<br>→മെട്രിക് മേള<br>→ജോമെട്രിക് പാറ്റേൺ<br>→ജോമെട്രിക് ഷെക്ച്<br>→പ്രായോഗിക പ്രശ്നങ്ങൾ.<br>(eg: - സ്കൂൾ മുറ്റത്തുള്ള മരങ്ങളുടെ ഉയരം ത്രികോണമിതി അംശബന്ധം ഉപയോഗിച്ച് കണ്ടെത്തുന്നു) | 1 വർഷം<br>ആവശ്യാനുസരണം | ഗണിത അധ്യാപിക, ഗണിത ക്ലബ്ബ് | — |

| | | | | |
|---|---|---|---|---|
| | → ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>→ പ്രകൃതിയിലെ ഗണിതം പരിചയപ്പെടുന്നു.<br>→ ഒറിഗാമി ശില്പശാല<br>→ ടാൻഗ്രാം നിർമ്മാണം, പ്രദർശനം | | | |

പ്രവർത്തനം 2 : ഗണിത ലാബ് സജ്ജീകരിക്കൽ (വിപുലീകരണം)

മേഖല /ഉപമേഖല : അക്കാദമികം /ഗണിതം)

| | | | | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിലെ ഗണിതലാബ് വിപുലീകരിക്കുന്നു. ലാബിൽ വച്ച് ഗണിതക്ലബ്ബ് കൂടുന്നു. ഗണിത ക്ലാസ് നടത്തുന്നു. | ആവശ്യാനുസരണം<br><br>ദീർഘകാലം | ഗണിത അധ്യാപിക, ഗണിതക്ലബ്ബ് | — |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 3 : ഗണിത യാത്ര | | | | |
| മേഖല/ഉപമേഖല : അക്കാദമികം /ഗണിതം | | | | |
| ഗണിതപഠനം സുഗമമാക്കൽ | →CUSAT-ലെ ശാസ്ത്ര സമൂഹ കേന്ദ്രം നിരീക്ഷിക്കാനുള്ള പഠന യാത്ര.<br>→പഠനോപകരണങ്ങൾ നിർമ്മിക്കൽ<br>→ഗണിത പുസ്തക വായന<br>→ICT - Geogebra പരിശീലനം | 1 പ്രാവശ്യം | ഗണിത അദ്ധ്യാപിക SRG | |
| പ്രവർത്തനം 4 | | | | |
| മേഖല/ഉപമേഖല : അക്കാദമികം /ഗണിതം | | | | |
| ഗണിതത്തിലെ അടിസ്ഥാന ക്രിയകളിൽ കുട്ടികൾ മികവ് നേടാൻ | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ നൽകുന്നു. ഉത്തരം ഉറപ്പിക്കുന്നു. | ഹ്രസ്വകാലം | ഗണിത അദ്ധ്യാപിക | |

പ്രവർത്തനം 5

മേഖല / ഉപമേഖല : അക്കാദമികം / ഗണിതം

| | | | | |
|---|---|---|---|---|
| പിന്നോക്ക നിലവാരക്കാരെ പഠന പ്രവർത്തനങ്ങൾ ഉറപ്പിക്കുന്നു | → Pre test നടത്തി പ്രശ്നമേഖല കണ്ടെത്തുന്നു<br>→ ചതുഷ്ക്രിയകൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു<br>→ ഗണിതകേളികളിലൂടെ ഗണിത പഠനം ആസ്വാദ്യമാക്കുന്നു. | ദീർഘകാലം | ഗണിത ക്ലബ്ബ്, ഗണിത അദ്ധ്യാപിക | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സയൻസ്

| | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലദൈർഘ്യം | വിലയിരുത്തൽ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|---|
| 1 | ശാസ്ത്രീയ സമീപനം വളർത്തുക (Scientific Attitude) | "എന്തുകൊണ്ട് സംഭവിക്കുന്നു?" എന്ന ചോദ്യങ്ങൾക്ക് ഉത്തരം അന്വേഷിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക | സയൻസ് ടീച്ചർ | തുടർച്ചയായ പ്രവർത്തനം | സയൻസ് ടീച്ചർ | |
| 2. | സയൻസ് പഠനം ലളിതവും രസകരവുമാക്കി മാറ്റുക | നിത്യജീവിതത്തിലെ ചെറിയ കാര്യങ്ങളെ ശാസ്ത്രവുമായി ചേർത്ത് വീക്ഷിക്കുന്നു | സയൻസ് ടീച്ചർ | തുടർച്ചയായ പ്രവർത്തനം | സയൻസ് ടീച്ചർ | |
| 3. | സൈന്റിഫിക് സ്കിൽ വികാസം | ലളിതമായ പരീക്ഷണങ്ങൾ നടത്തി, നിരീക്ഷണങ്ങൾ രേഖപ്പെടുത്തുകയും, വിലയിരുത്തുകയും ചെയ്യുക | സയൻസ് ടീച്ചർ | ആഴ്ചയിൽ ഒന്ന് | സയൻസ് ടീച്ചർ | |
| 4 | ഒരു ശാസ്ത്രജ്ഞനാകുവാനുള്ള മനസ് വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുക. | ചെറിയ പരീക്ഷണങ്ങൾ അനുകരണം ചെയ്യുന്നു സ്വയം ചെയ്യാവുന്നവ വീട്ടിൽ വച്ചും, മറ്റുള്ളവ സ്കൂളിൽ തന്നെയും ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നു. | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് സയൻസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | സൈന്റിഫിക് ഇന്ററസ്റ്റ് വളർത്തുക (Scientific interest) | ശാസ്ത്ര പ്രദർശനം, ശാസ്ത്ര ദിനാഘോഷം, ഡോക്യുമെന്ററി പ്രദർശനം ഉദാ: ഗ്രാവിറ്റി, 101 ചോദ്യങ്ങൾ | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് സയൻസ് ടീച്ചർ | |
| 6 | ശാസ്ത്ര താല്പര്യം വളർത്തുന്നതിന് ഭിന്നശേഷിക്കാരെയും ഉൾപ്പെടുത്തുന്നതിന് | സയൻസ് ഫിക്ഷൻ വായിച്ച് അതിന്റെ ചുരുക്കം ക്ലാസിൽ അവതരിപ്പിക്കുന്നു. | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | സയൻസ് ടീച്ചർ | |
| 7 | സയൻസ് ലാബും ഉപകരണങ്ങളും പരിചയപ്പെടുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ ലാബിൽ നടത്തുക. ലാബിലെ ഉപകരണങ്ങൾ പരിചയപ്പെടു ഉദാ: മൈക്രോസ്കോപ്പ്, സ്കെലിട്ടൻ, ലെൻസുകൾ, പ്രിസം, കെമിക്കൽ റിയാക്ഷനുകൾ etc. | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | സയൻസ് ടീച്ചർ | |
| 8 | ഓൺലൈൻ ഇവന്റുകൾ ചതുരാളിയാക്കുന്നതിന് | പഠനത്തിന് സഹായിക്കുന്ന സൈറ്റുകളുടെ നിർമ്മാണം വീഡിയോ തയ്യാറാക്കൽ, ഇന്റർനെറ്റിൽ നിന്നും വീഡിയോകൾ ഡൗൺലോഡ് ചെയ്യുന്ന | സയൻസ് ടീച്ചർ | ഒരു ടേമിൽ ഒന്ന് | സയൻസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| | സയൻസ് പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കി, അവതരിപ്പിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് പ്രോജക്ടിനുള്ള വിഷയം നൽകുന്നു. പ്രോജക്ടിന്റെ വിവിധ സ്റ്റെപ്പുകൾ പൂർത്തീകരിച്ച് സ്കൂളിൽ അവതരിപ്പിക്കുന്നു. | സയൻസ് ടീച്ചർ | ഒരു ടേമിൽ ഒന്ന് (2 ആഴ്ച) | സയൻസ് ടീച്ചർ | |
| 10 | സയൻസ് ക്ലബ്ബിന്റെ രൂപീകരണവും പ്രവർത്തനങ്ങളും നടപ്പാക്കുക. | സയൻസ് ക്ലബ്ബ് രൂപീകരിച്ച് ഓഫീസേഴ്സിനെ തിരഞ്ഞെടുക്കുന്നു. നടത്താവുന്ന പ്രവർത്തനങ്ങൾ - സയൻസ് ക്വിസ്, സയൻസ് പുസ്തക പ്രദർശനം, ശാസ്ത്ര മേള, ദിനാചരണം സയൻസ് മാഗസിൻ നിർമ്മാണം ഡിബേറ്റുകൾ | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | ഹെഡ്മിസ്ട്രസ് സയൻസ് ടീച്ചർ | |
| 11 | ശാസ്ത്ര ലോകത്തേക്ക് വിദ്യാർത്ഥികളെ കൂട്ടിക്കൊണ്ട് പോവുക. | പഠനയാത്ര - TIES Tropical Institute of Ecological Sciences Annadivayal, Kottayam<br><br>TIES ഡയറക്ടറും, സയന്റിസ്റ്റുമായ Dr. പുന്നൻ കുര്യൻ വേങ്കിടത്തുമായി അഭിമുഖം നടത്തുക.<br><br>ഇക്കോളജിക്കൽ റിസേർച്ച് ലബോറട്ടറി സന്ദർശനം. | സയൻസ് ടീച്ചർ | ഒരു ദിവസം | ഹെഡ്മിസ്ട്രസ്<br>സയൻസ് ടീച്ചർ<br>പി.റ്റി.എ | |

| | | | | | | |
|---|---|---|---|---|---|---|
| | സൈന്റിഫിക് ടെംബർ – മുൻവിധിയില്ലാതെ സൂക്ഷ്മവും കൃത്യവുമായ നിരീക്ഷണത്തിലൂടെ ശേഷിയും അവബോധവും വികസിപ്പിക്കുക (Scientific Temper) | • ആൽബർട്ട് ഐൻസ്റ്റീൻ, <br>• സ്റ്റീഫൻ ഹോക്കിങ് <br>• മൈക്കൽ ഫാരഡേ <br>• അലക്സാണ്ടർ ഫ്ലെമിംഗ് <br>• മേരി ക്യൂറി <br>എന്നിവരുടെ ജീവിതാനുഭവങ്ങളെക്കുറിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുക. വീഡിയോ പ്രദർശിപ്പിക്കുക. | സയൻസ് ടീച്ചർ | ഒരു ടേമിൽ ഒന്ന് (1 hour) | സയൻസ് ടീച്ചർ | |
| 13. | ക്രിയാത്മകതയും, കൗതുകവും (Creativity & Curiosity) ഉണർത്തുന്ന ശാസ്ത്ര പഠന പ്രവർത്തനങ്ങൾ നടത്തുക. | പാഠഭാഗവുമായി ബന്ധപ്പെടുത്തിയും, സമകാലിക പ്രസക്തിയുള്ള ശാസ്ത്ര വിഷയങ്ങൾ ഉൾപ്പെടുത്തിയും <br>• പദപ്രശ്നം (puzzle) <br>• വർക്കിംഗ് മോഡലുകൾ <br>• സ്റ്റിൽ മോഡലുകൾ <br>• പോസ്റ്ററുകൾ <br>• ഉപന്യാസ രചന <br>എന്നീ പ്രവർത്തനങ്ങൾ നടത്തുക. | സയൻസ് ടീച്ചർ | മാസത്തിൽ ഒന്ന് | സയൻസ് ടീച്ചർ പി.ടി.എ | പി.ടി.എ |

| | | | | | | |
|---|---|---|---|---|---|---|
| | പ്രകൃതിയെ ശാസ്ത്രീയമായി നിരീക്ഷിക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കൽ | ജലശുദ്ധീകരണം, വായുവിന്റെ ഗുണം പരിശോധിക്കൽ, മണ്ണിന്റെ തരം തിരിച്ചറിയൽ എന്നി അടിസ്ഥാന ശാസ്ത്ര ആശയങ്ങൾ മനസിലാക്കുക. | സയൻസ് ടീച്ചർ | ഒരു ആഴ്ച | സയൻസ് ടീച്ചർ | |
| 15 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | സ്കൂൾ പരിസര ശുചീകരണം തണൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം -നിർമ്മാണം സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | എല്ലാ അദ്ധ്യാപകരും | തുടർച്ചയായ പ്രവർത്തനം | ഹെഡ്മിസ്ട്രസ് | |
| 16 | ഊർജ്ജം - വിനിയോഗവും, നിയന്ത്രണവും കുട്ടികളെ പരിശീലിപ്പിക്കുക. | വിദ്യാലയത്തിലും, വീടുകളിലും ഊർജ്ജം പാഴാകുന്ന സന്ദർഭങ്ങൾ കണ്ടെത്തുക. പരിഹാര മാർഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. | സയൻസ് ടീച്ചർ | ഒരു ദിവസം | അദ്ധ്യാപകർ, മാതാപിതാക്കൾ | |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യാർത്ഥികളിൽ വ്യക്തി ശുചിത്വവും ചിട്ടയായ ജീവിതരീതിയും രൂപപ്പെടുത്തുന്നതിന് | 'വ്യക്തി ശുചിത്വം - ആവശ്യകതയും, പാലിക്കേണ്ട കാര്യങ്ങളും', 'ജീവിതശൈലി രോഗങ്ങൾ - പ്രതിവിധികൾ' - എന്നീ വിഷയങ്ങളിൽ, സയൻസ് അദ്ധ്യാപികയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക | സയൻസ് ടീച്ചർ | 3 മണിക്കൂർ | ഹെഡ്മിസ്ട്രസ് | |
| 18 | സമൂഹത്തെ ബോധവൽക്കരിക്കുക. | "പകർച്ച വ്യാധികൾ - പകരുന്ന രീതികൾ - പ്രതിരോധം - ചികിത്സ" - എന്നീ വിഷയത്തെ കുറിച്ച് സയൻസ് ടീച്ചർ ബോധവൽക്കരണ ക്ലാസ് നൽകുക. കുട്ടികൾ ആ അറിവുകൾ, വീടുകളിലും, തുടർന്ന് ചുറ്റുപാടിലും, സമൂഹത്തിലേക്കും പകർന്നു നൽകുന്നു. | സയൻസ് ടീച്ചർ | 3 മണിക്കൂർ | പി.ടി.എ | പി.ടി.എ |
| 19 | സാമൂഹിക വിപത്തുകളെക്കുറിച്ചുള്ള ബോധവൽക്കരണം | 'കൗമാരക്കാർ നേരിടുന്ന വെല്ലുവിളികൾ', ചൂഷണങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുവാൻ നിലവിലുള്ള നിയമപരമായ സഹായ സംവിധാനങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. | ഹെഡ്മിസ്ട്രസ് സയൻസ് ടീച്ചർ | 3 മണിക്കൂർ ഓരോ ടേമിലും | പി.ടി.എ | സ്പോൺസർ |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യാർത്ഥികളെ പരീക്ഷകൾ നേരിടുന്നതിനായി പ്രാപ്തരാക്കുക. | പരീക്ഷാ ഭയം അകറ്റുന്നതിനും, ആത്മ വിശ്വാസത്തോടെ, പരീക്ഷകളെ നേരിടുന്നതിനും, വേണ്ടി വിദ്യാർത്ഥികൾക്ക് മാനസിക പിന്തുണ നൽകുകയും, മോട്ടിവേഷണൽ ക്ലാസുകൾ നൽകുകയും ചെയ്യുക.<br>പാഠഭാഗവുമായി ബന്ധപ്പെട്ട് കൂടുതൽ മാതൃകാ ചോദ്യങ്ങൾ പ്രാക്ടീസ് ചെയ്യിക്കുക. | എല്ലാ അദ്ധ്യാപകരും | തുടർച്ചയായ പ്രവർത്തനം | ഹെഡ്മിസ്ട്രസ് എല്ലാ അദ്ധ്യാപകരും പി.റ്റി.എ | |
| 21 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കുക. | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി റെമഡിയൽ ക്ലാസുകൾ, പിയർ ടീച്ചിംഗ് എന്നീ രീതികൾ അവലംബിക്കുക.<br>പാഠഭാഗങ്ങളെ, ചെറുഭാഗങ്ങളാക്കി തിരിച്ച് പഠിക്കാൻ സഹായിക്കുക. (Programmed Instruction Method) | എല്ലാ അദ്ധ്യാപകരും | തുടർച്ചയായ പ്രവർത്തനം | ഹെഡ്മിസ്ട്രസ് എ പി.റ്റി.എ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025-26 (സാമൂഹ്യശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ആനുകാലിക സംഭവങ്ങളിൽ കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുക. | ബുള്ളറ്റിൻ ബോർഡ്- എല്ലാ കുട്ടികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും ആനുകാലിക സംഭവങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | Every Day. | S.S. Club + Concerned Teachers | Teachers | |
| ദേശസ്നേഹമുള്ള തലമുറയെ വാർത്തെടുക്കുക. രാഷ്ട്ര രൂപീകരണത്തിനായി പൂർവ്വതലമുറയെ ബോധവാന്മാരാക്കുക. | ദേശഭക്തി ക്ലബ്ബ്- ക്ലബ്ബ് രൂപീകരിച്ച്, സ്വാതന്ത്ര്യസമര സേനാനികൾ, മറ്റ് പ്രശസ്ത വ്യക്തിത്വങ്ങൾ എന്നിവരുടെയും പ്രധാന സംഭവങ്ങളുടെയും അനുസ്മരണം നടത്തുന്നു. ദേശഭക്തിഗാനാലാപനം നടത്തുന്നു. ചുമർപത്രിക നിർമ്മാണം നടത്തുന്നു. സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | Once in a month. | S.S. Teachers | S.R.G. | |

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെ മനസ്സിലാക്കുക, ദിനാചരണങ്ങൾ ആഘോഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയുന്നു. | ദിനാചരണങ്ങൾ<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | For the whole year. | S.S club<br>S.S Teachers | SRG<br>PTA. | |
| ചരിത്ര സംഭവങ്ങളെയും പ്രകൃതി പ്രതിഭാസങ്ങളെയും അനുഭവവേദ്യമാക്കുക. | പവർ പോയിന്റ് പ്രസന്റേഷൻ<br>ചരിത്ര സംഭവങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ എന്നിവയെ കുറിച്ച് വിവരശേഖരണം നടത്തി പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കുന്നു. | Once in a term | S.S Teachers + S.S club | S.R.G. | |
| പിന്നാക്കക്കാരും ഭിന്നശേഷിക്കാരുമായ കുട്ടികൾക്ക് സാമൂഹ്യശാസ്ത്ര പഠനം രസകരമാക്കുക. | ആൽബം നിർമ്മാണം.<br>ചരിത്ര സംഭവങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവയെ സംബന്ധിച്ച ചിത്രങ്ങൾ, പത്രവാർത്തകൾ എന്നിവ ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു. | For the whole year | Concerned Teachers | Headmistress<br>SRG, P.T.A. | |

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|---|
| ചരിത്രശേഷിപ്പുകൾ വരും തലമുറയ്ക്ക് കൈമാറേണ്ടവയാണെന്ന ബോധ്യം കുട്ടികളിലുണ്ടാക്കുക, സാമൂഹ്യശാസ്ത്ര പഠനം ഫലപ്രദവും രസകരവുമായി മാറുവാൻ ചിന്താശേഷിക്കാരും ഭിന്നശേഷിക്കാരുമായ വിദ്യാർത്ഥികളെ സജ്ജരാക്കുക. | സോഷ്യൽ സയൻസ് ലാബ്, ലൈബ്രറി- വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുന്നു. അധിക വായനയ്ക്കുള്ള പുസ്തകങ്ങൾ, അറ്റ്ലസ്, ദിനപത്രങ്ങൾ, ഇയർ ബുക്കുകൾ എന്നിവ ലൈബ്രറിയിൽ ക്രമീകരിക്കുന്നു. | Once in a year | S.S. Teachers + S.S club | S.R.G | |
| പ്രത്യക്ഷാനുഭവത്തിലൂടെ സാമൂഹ്യശാസ്ത്ര പഠനം രസകരമാക്കുക. | ഫീൽഡ് ട്രിപ്പ് - ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ, കാവുകൾ, ക്ഷേത്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നു. | Once in a year | S R G. | Head mistress | |
| ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെ പരിചയപ്പെടുക. | അറ്റ്ലസ് നിർമ്മാണം. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷതകൾ, പർവ്വതങ്ങൾ, നദികൾ ഉൾപ്പെടുത്തി ഭൂപടങ്ങൾ നിർമ്മിച്ച് അറ്റ്ലസ് തയ്യാറാക്കുന്നു. | Once in a year | S.S Teachers | S R G. | |

| ലക്ഷ്യം | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | വിലയിരുത്തൽ | സാമ്പത്തിക സ്രോതസ്. |
|---|---|---|---|---|---|
| പൊതു വിജ്ഞാനത്തോട് ആഭിമുഖ്യം വളർത്തുക. | പ്രശ്നോത്തരി. ഓരോ ടേമിലും ഒന്നിൽ കുറയാതെ പ്രശ്നോത്തരികൾ നടത്തുന്നു. പ്രത്യേക ദിനാചരണങ്ങളിൽ അതുമായി ബന്ധപ്പെട്ടവയും നടത്തുന്നു. | Once in a term | S.S Teachers | S.S Teachers | |
| കുട്ടികളിൽ ചരിത്രാവബോധം, സഹകരണ മനോഭാവം, സഹവർത്തിത്വം എന്നിവ വളർത്തിയെടുക്കുക. | സാമൂഹ്യ ശാസ്ത്ര പ്രദർശനം. സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ (ഔഷധ സസ്യങ്ങൾ, പഴയകാല ഉപകരണങ്ങൾ, ചിത്രങ്ങൾ, നാണയങ്ങൾ, സ്റ്റാമ്പുകൾ, തനതു പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ) നടത്തുന്നു. | Once in a year | S.S. Teachers | S.R.G | |
| | | | | | |